21/12/21



02/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ CP No.785(4)/*2015/എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.9857/*എസ്.ഐ.സി–ജി 2/2015*)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.പി.എം. സിഹാബുദ്ധീൻ,
ഡിറ്റി വുഡ് ക്രാഫ്റ്റ്സ്,
പരിയാരം പി.ഒ
നോർത്ത് കൽപ്പറ്റ 673 122 — പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ജി.എൽ.പി.എസ് ലക്കിടി
ലക്കിടി പി.ഒ, പിൻ 673 576. — എതിർകക്ഷി

**ഉത്തരവ്**

പരാതി ഹർജിക്കാരൻ 05-03-2015ൽ ലക്കിടി ജി.എൽ.പി.എസ് ലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് (എസ്.പി.ഐ.ഒ) നൽകിയ അപേക്ഷ എസ്.പി.ഐ.ഒ ഇല്ലാ എന്ന നോട്ടോടുകൂടി തിരിച്ച് ലഭിച്ച എന്നും, ഇക്കാര്യത്തിൽ എ.ഇ.ഒ ഓഫീസിലെ എസ്.പി.ഐ.ഒ യ്ക്ക് അപേക്ഷ നൽകിയപ്പോൾ ടി സ്കൂളിലെ ഹെഡ് മാസ്റ്റർക്കാണ് എസ്.പി.ഐ.ഒ യുടെ ചുമതല എന്ന് അറിയിച്ച എന്നും, ഇത് അനുസരിച്ച് വീണ്ടും അപേക്ഷിച്ചിട്ടും മറുപടി ലഭിച്ചില്ല എന്നുമാണ് പരാതി ഹർജിയിൽ പറയുന്നത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 10-12-2019 ൽ വയനാട് കളക്ടറേറ്റിലെ വീഡിയോ കോൺഫറൻസ് സംവിധാനം വഴി ഹിയറിംഗ് നടത്തി. ഹിയറിംഗിൽ അപേക്ഷകൻ പങ്കെടുത്തു എങ്കിലും എസ്.പി.ഐ.ഒ ഹാജരായില്ല.

3. എസ്.പി.ഐ.ഒ ഹിയറിംഗിൽ പങ്കെടുക്കാതിരുന്നതും അപേക്ഷയ്ക്ക് മറുപടി നൽകാതിരുന്നതും അതീവ ഗൗരവത്തോടെ കമ്മീഷൻ കാണുന്നു. ഇത് എസ്.പി.ഐ.ഒ ആയ എതിർകക്ഷിയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ അച്ചടക്ക ലംഘനവും വിവരാവകാശ നിയമത്തോടും കമ്മീഷനോടുമുള്ള അവഹേളനവുമായി മാത്രമേ കാണാൻ കഴിയൂ.

4. ആയതുകൊണ്ട്, വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാതിരുന്ന 2015 മാർച്ചിലെ എസ്.പി.ഐ.ഒ യെയും, ഹിയറിംഗിൽ പങ്കെടുക്കാതിരുന്ന 2019 ലെ ഡിസംബറിലെ എസ്.പി.ഐ.ഒ യെയും കമ്മീഷൻ വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരം ശിക്ഷിക്കാൻ തീരുമാനിക്കുന്നു.

5. ശിക്ഷ ഏർപ്പെടുത്താതിരിക്കാൻ കാരണങ്ങൾ ഉണ്ടെങ്കിൽ ഈ കക്ഷികൾ ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ കമ്മീഷനെ അറിയിക്കേണ്ടതാണ്. മേൽ പറഞ്ഞ കാലയളവിനുള്ളിൽ ടി കക്ഷികളുടെ വിശദീകരണമൊന്നും ലഭിക്കാത്തപക്ഷം, ഈ കാര്യത്തിൽ അവർക്ക് കൂടുതലായി ഒന്നും ബോധിപ്പിക്കാനില്ല എന്ന് നിഗമനത്തിൽ കമ്മീഷൻ ശിക്ഷാ നടപടി സ്വീകരിക്കുന്നതായിരിക്കും. മേൽ പറഞ്ഞ രണ്ടു കക്ഷികളും സ്ഥലം മാറി പോവുകയോ സർവ്വീസിൽ നിന്നും വിരമിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് അവർക്ക് ലഭ്യമാക്കി വിശദീകരണം കമ്മീഷനു നൽകേണ്ട ചുമതല നിലവിലെ എസ്.പി.ഐ.ഒ യ്ക്ക് ആയിരിക്കും. മേൽ പറഞ്ഞ പ്രകാരം പരാതി ഹർജിയിന്മേൽ ഇന്നേ ദിവസം ഡിസംബർ 2, 2021ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

pre